പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം

# മാസ്റ്റർ പ്ലാൻ

ഐ. ആർ. എം. എൽ. പി. സ്കൂൾ

പടിഞ്ഞാറെ ചാലക്കുടി

Edit with WPS Office

1. അടിസ്ഥാന വിവരങ്ങൾ

2. ആമുഖം

3. ലക്ഷ്യങ്ങൾ

4. നിലവിലെ അവസ്ഥാ വിശകലനം

5. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

6. പ്രവർത്തന പദ്ധതി

7. പ്രതീക്ഷിത നേട്ടങ്ങൾ

8. മോണിറ്ററിംഗ്

9. കമ്മിറ്റിയുടെ ഘടന

10. ഉപസംഹാരം

അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ഐ. ആർ. എം. എൽ. പി. എസ് പടിഞ്ഞാറെ ചാലക്കുടി |
| പ്രദേശത്തിന്റെ പേര് | : പടിഞ്ഞാറെ ചാലക്കുടി |
| മുൻസിപ്പാലിറ്റി വാർഡുകൾ | : 24,25,26,27,28,29 |
| താലൂക്കിന്റെ പേര് | : ചാലക്കുടി |
| ബ്ലോക്കിന്റെ പേര് | : ചാലക്കുടി |
| ക്ലസ്റ്റർ സ്കൂൾ | : ബി. ടി. എസ്. ചാലക്കുടി |
| വാർഡ് കൗൺസിലർ | : സുധ ഭാസ്കരൻ |
| സ്കൂളിന്റെ സ്വഭാവം | : മാനേജ്മെന്റ് |
| മാനേജർ | : എ. ഇ. ഒ ചാലക്കുടി |
| മുഖ്യരക്ഷധികാരികൾ | : എം. പി, എം, എൽ. എ |
| രക്ഷധികാരികൾ | : നഗരസഭ ചെയർമാൻ |
| ചെയർമാൻ | : മുൻസിപ്പൽ കൗൺസിലർ |

ആമുഖം :

തൃശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിൽ ഇരിഞ്ഞാലക്കുട വിദ്യാഭ്യാസ ജില്ലയിലെ ചാലക്കുടി ഉപജില്ലയിൽപ്പെട്ടതാണ് ഇന്ത്യൻ റിപ്പബ്ലിക് മെമ്മോറിയൽ ലോവർ പ്രൈമറി സ്കൂൾ, പടിഞ്ഞാറെ ചാലക്കുടി. ഈ വിദ്യാലയം 1953ൽ ആണ് സ്ഥാപിതമായത്. അന്ന് മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇവിടെ നിന്നും വളരെ ദൂരത്തായിരുന്നു. ആരംഭ കാലത്തെ മാനേജർ ശ്രീ. പി. കെ ഇട്ടൂപ്പ് അവർകൾ 45 വർഷക്കാലം ഈ സ്കൂളിന്റെ മാനേജർ ആയിരുന്നു. അദ്ദേഹത്തിന്റെ വേർപാടിന് ശേഷം ഇന്ന് വരെ മാനേജർ തസ്തിക ഒഴിഞ്ഞു കിടക്കുന്നു. റിപ്പബ്ലിക് വായനശാലയും മുൻ മാനേജ്മെന്റും തമ്മിലുള്ള തർക്കത്തിന് വിരാമമിട്ടുകൊണ്ട് സ്കൂൾ മുൻസിപ്പാലിറ്റി ഏറ്റെടുക്കണമെന്ന് ഇരുവിഭാഗവും രേഖമൂലം എഴുതിക്കൊടുത്തു. എങ്കിലും ഇന്നു വരെ ഗവണ്മെന്റിന്റെ ഭാഗത്തു നിന്നും നടപടി സ്വീകരിച്ചതിന്റെ മറുപടി ഇതുവരെ കിട്ടിയിട്ടില്ല.

Edit with WPS Office

## ലക്ഷ്യങ്ങൾ

- തുല്യതക്കും ഗുണതയ്ക്കും ഊന്നൽ നൽകുന്നു
- നാലാം ക്ലാസ് പഠനം പൂർത്തിയാക്കുന്ന കുട്ടി മലയാളം, ഇംഗ്ലീഷ്, എന്നീ വിഷയങ്ങളിലെ പ്രാഥമിക അറിവ് ഉപയോഗിച്ച് അനായാസം ആശയവിനിമയം
  നടത്താനുള്ള കഴിവ് നേടുന്ന വിധത്തിലുള്ളത്
- കലാകായിക അഭിരുചി വളർത്തുന്ന വിധത്തിൽ ഓരോ കുട്ടിയെയും പരിശീലിപ്പിക്കൽ
- സ്കൂൾ ക്യാമ്പസ് ഒരു പാഠപുസ്തകം എന്ന രീതിയിൽ സ്കൂളിനെ മാറ്റിയെടുക്കുന്നു
- 1 മുതൽ 4 വരെ ക്ലാസ്സുകളിൽ വിവിധ വിഷയങ്ങളിൽ ഓരോ കുട്ടിക്കും കരിക്കുലം
  വിഭാവനം ചെയ്യുന്ന ആശയധാരണകൾ, ശേഷികൾ, മനോഭാവങ്ങൾ, മൂല്യങ്ങൾ എന്നിവ വികസിപ്പിക്കാനുള്ള പദ്ധതികൾ ഉണ്ടാവണം.

# നിലവിലെ അവസ്ഥാ വിശകലനം

- ഭൗതിക നേട്ടങ്ങൾ

നിലവിലുള്ള സ്കൂൾ കെട്ടിടത്തിലെ ക്ലാസ് മുറികളുടെയും ഓഫീസ് മുറിയുടെയും തറ ടൈൽ വിരിച്ചിട്ടുണ്ട്. എല്ലാ ക്ലാസ് മുറികളും വൈദ്യുതീകരിക്കുകയും ഫാൻ ഇട്ടു നൽകുകയും മൈക്ക് ലഭിക്കുകയും ചെയ്തിട്ടുണ്ട്. കുടിവെള്ളത്തിന് വാട്ടർ പ്യൂരിഫയർ

ലഭിച്ചിട്ടുണ്ട്. ചുറ്റുമതിൽ പൂർണ്ണമാണ്. അത്യാവശ്യം സൗകര്യങ്ങളുള്ള അടുക്കള ഉണ്ട്.

■ ഭൗതിക പരിമിതികൾ

ലാബ് ലൈബ്രറി സ്റ്റാഫ് റൂം എന്നിവയ്ക്ക് മതിയായ സൗകര്യത്തിന് റൂമില്ല. സ്റ്റേജ് ഇല്ല. ആധുനിക ഭോജനശാല, ആകർഷകമായ പൂന്തോട്ടം, ജൈവവൈവിധ്യ പാർക്ക് എന്നിവ നിർമിക്കേണ്ടതുണ്ട്. വിശാലമായ കളിസ്ഥലമില്ല.

## അക്കാദമിക നേട്ടങ്ങൾ

ഐ ഇ ഡി സി കുട്ടികളെ മികച്ച രീതിയിലുള്ള കോച്ചിംഗ് നൽകി അവരുടെ കഴിവുകൾ കണ്ടെത്തി വികസിപ്പിച്ചെടുക്കുന്നു. എല്ലാവർക്ക് എക്സ്പീരിയൻസ്, കായികം, എന്നീ മേഖലകളിലും ഭാഷ ഗണിതം, ജനറൽ നോളജ് എന്നീ മേഖലകളിലും കുട്ടികൾക്ക് നിഷേധനം നൽകുന്നു.

## അക്കാദമിക പരിമിതികൾ

വിവിധ മത്സര പരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ട്. കലാകായിക പരിശീലനത്തിന് അധ്യാപകരുടെ പൂർണ്ണസമയ സേവനം ലഭ്യമല്ല.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ■ ഭാഷാശേഷി വികസനം | ■ കളിസ്ഥലം | ■ പിടിഎ ശക്തിപ്പെടുത്തൽ |
| ■ ഗണിത ശേഷി വികസനം | ■ ചിൽഡ്രൻസ് പാർക്ക് | ■ എസ്.എസ്.ജി. എസ്.സി. എം. സി. കാര്യക്ഷമമാക്കൽ |
| ■ ഇംഗ്ലീഷ് പഠന പോഷണം | ■ സ്റ്റാഫ് മുറി | ■ വിദ്യാലയ വികസന സമിതി |
| ■ ശാസ്ത്ര പോഷണ പരിപാടി | ■ കമ്പ്യൂട്ടർ റൂം | ■ അംഗനവാടി കലോത്സവം |
| ■ വായനാ പരിപോഷണം | ■ ഡൈനിങ് ഹാൾ | ■ പൂർവവിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം |
| ■ ലൈബ്രറി പരിപോഷണ പരിപാടി | ■ അസംബ്ലിഹാൾ | ■ ഗ്രന്ഥ ശാലകൾ, ക്ലബ്ബുകൾ, വിദ്യാഭ്യാസ പ്രവർത്തകർ, സഹകരണ സ്ഥാപനങ്ങൾ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തൽ |
| ■ ജൈവവൈവിധ്യ പാർക്ക് | ■ IEDC frontly Toilet | ■ ക്ലാസ് പിടിഎ |
| ■ പഠനയാത്രകൾ | ■ മാലിന്യ സംസ്കരണം | ■ വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ |
| ■ കലാകായിക മേള | **മികവ്** | |
| ■ ഐടി പരിശീലനം | ■ കുടിവെള്ള വിതരണം | |
| ■ പ്രവൃത്തി പരിചയം | ■ ചിത്രരചന | |
| ■ ക്ലാസ് പിടിഎ സജീവമാക്കൽ | ■ എന്റെ വീട്ടിൽ ഒരു കൃഷിത്തോട്ടം | |
| ■ ഒന്നാം ക്ലാസ്സ് ഒന്നാം തരം | ■ ഭാഷോത്സവം | |
| ■ പച്ചക്കറി തോട്ടം | ■ മെട്രിക് മേള | |
| ■ അഭിമുഖങ്ങൾ | ■ പ്രീ- പ്രൈമറി ആകർഷകമാക്കൽ | |
| ■ മെഡിക്കൽ ക്യാമ്പ് | | |
| ■ ഒറിഗാമി ശില്പശാല | | |

| | | |
|---|---|---|
| ■ ടേം മൂല്യ നിർണ്ണയം, നിരന്തര വിലയിരുത്തൽ<br>■ കായിക പഠനം<br>■ ജന്മദിനത്തിന് ഒരു മുറം പച്ചക്കറി<br>■ ദിനാചരണങ്ങൾ<br>■ വർക്ക് ഷീറ്റ് നിർമ്മാണം<br>■ വീട് സന്ദർശനം<br>■ അധ്യാപക ശാക്തീകരണ പരിപാടി<br>■ എസ്.ആർ.ജി ശക്തികരണം<br>■ പോഷകാഹാര പരിപാടി<br>■ ഗണിത ലാബ് | | |

# പ്രോജക്ട്

രൂപരേഖ

മേഖല : അക്കാദമികം

ഉപമേഖല : ഭാഷാ പഠനം

പ്രവർത്തനത്തിന്റെ പേര് : മലയാളപ്പെരുമ

ലക്ഷ്യങ്ങൾ

- കുട്ടികളുടെ മാതൃഭാഷാ നിലവാരം ഉയർത്തൽ
- കുട്ടികളുടെ നിലവാരം പരിഗണിച്ചുകൊണ്ടുള്ള വായനാ സാമഗ്രികളുടെ ശേഖരണവും നിർമ്മാണവും
- പ്രാദേശിക വിഭവങ്ങളെ സർഗ്ഗാത്മകമായ പ്രവർത്തനങ്ങളിൽ ഉപയോഗിക്കൽ

1. പ്രവർത്തനങ്ങൾ

- സർഗ്ഗവേളകൾ/ബാലസഭകൾ ശക്തിപ്പെടുത്തൽ

ലക്ഷ്യങ്ങൾ

- ക്ലാസ്സ് മുറിയിൽ രൂപപ്പെട്ട ആവിഷ്ക്കാര പ്രകടിത രൂപങ്ങളുടെ അവതരണ വേദിയായി ബാലസഭ/സർഗ്ഗവേളകളെ മാറ്റൽ

പ്രവർത്തനങ്ങൾ

- രചനകളുടെ അവതരണം മികവുകൾ പോരായ്മകൾ വിലയിരുത്തി (ചർച്ച)
- സർഗ്ഗവേള/ബാലസഭ നടത്തിപ്പു ചുമതല പൂർണ്ണമായും കുട്ടികൾക്കു നൽകൽ

ചുമതല

- വിദ്യാരംഗം കോർഡിനേറ്റർ

രക്ഷാകർത്താക്കളുടെ പ്രതിനിധികൾ

ക്ലാസ് അദ്ധ്യാപകർ

വായന സാമഗ്രികൾ ഉറപ്പാക്കൽ

- വായിക്കേണ്ട സാമഗ്രികൾ ലിസ്റ്റ് ഉപയോഗപ്പെടുത്തി ശേഖരിക്കൽ
- ക്ലാസ്സ് ലൈബ്രറികൾക്ക് ആവശ്യമായ പുസ്തകങ്ങൾ സ്കൂൾ ലൈബ്രറിയിൽ നിന്നും ലഭ്യമാക്കൽ
- വായനക്കാർഡുകൾ തയ്യാറാക്കൽ - കുട്ടികൾ / രക്ഷിതാക്കൾ/ അധ്യാപകർ
- വായനാമൂല മെച്ചപ്പെടുത്തൽ

ചുമതല

- ക്ലാസ്സ് അധ്യാപകർ
- പ്രധാനധ്യാപിക/ പി. ടി. എ

സാഹിത്യകാരന്മാരെ സ്കൂളിലെത്തിക്കൽ

പ്രദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലേക്ക് ക്ഷണിക്കൽ. കുട്ടികൾക്ക് അവരുമായി സംസാരിക്കാൻ അവസരം. അവരുടെ വായനനുഭവങ്ങളും എഴുത്തനുഭവങ്ങളും പങ്കുവക്കൽ.

ചുമതല

പ്രധാനധ്യാപിക, വിദ്യാരംഗം കോഡിനേറ്റർ

# ഗണിതം

## ആമുഖം

സംഖ്യകളും രൂപങ്ങളും സൃഷ്ടിക്കുന്ന കൗതുകങ്ങളുടെയും അന്വേഷണങ്ങളുടെയും ലോകമാണ് ഗണിതം. അറിഞ്ഞ ആശയങ്ങളുടെ പ്രയോഗമാണ് ഗണിത പഠനത്തിൽ നടക്കുന്നത്. കുട്ടികളുടെ പ്രകൃതത്തിന് യോജിച്ച വിധത്തിൽ പ്രവർത്തനാതിഷ്ഠിതമായി അവതരിപ്പിക്കുമ്പോഴാണ് ആശയങ്ങൾ സമഗ്രതയോടെ കുട്ടികളുടെ മുന്നിൽ രൂപപ്പെടുന്നത്.

## നേട്ടങ്ങൾ

ഒഴിവ് സമയങ്ങളിൽ ക്ലാസധ്യാപകരുടെ നേതൃത്വത്തിൽ പ്രത്യേക മൂല്യനിർണ്ണായ പ്രവർത്തനങ്ങൾ നടത്തുന്നു.

## കണ്ടെത്തിയ പരിമിതികൾ

- 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കു പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷിയും മുഴുവനായും നേടാൻ കൂടുതൽ സമയം വേണ്ടി വരുന്നു.
- ഐ.സി. ടി. അധിഷ്ഠിതവും പ്രക്രിയാബന്ധിതവുമായ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള പരിമിതികൾ, ലൈബ്രറി ഫലപ്രദമാണെങ്കിലും സമയ പരിമിതി, ഗണിതലാബിന്റെ അഭാവം, രക്ഷിതാക്കൾക്ക് മാർക്ക് മതി എന്ന കാഴ്ച്ചപ്പാട്.

## കാരണങ്ങൾ

- കുട്ടികളിൽ ഗണിതം പ്രയാസമെന്ന തോന്നൽ
- പഠിക്കുന്ന ആശയങ്ങൾ, നിത്യജീവിതവുമായി ബന്ധപ്പെടുത്താൻ കഴിയാത്തത്.
- തുടർച്ചയായ അസുഖങ്ങൾ

## അധ്യാപകർ

- ഭിന്ന നിലവാരക്കാരായ കുട്ടികളുള്ള ക്ലാസുകളിലെ അധ്യാപനം.
- അധ്യാപക പരിശീലനങ്ങൾ

## രക്ഷിതാക്കൾ

- എല്ലാ വീടുകളിലും പഠനാന്തരീക്ഷം ഉറപ്പാക്കുന്നില്ല.
- രക്ഷിതാക്കളുടെ നിരക്ഷരത
- പ്രവർത്തി ദിനങ്ങളിലെ യാത്ര.

## പരിഹാര ബോധനം

- പ്രീ ടെസ്റ്റ് നടത്തി കുട്ടിയുടെ നില നിർണ്ണയിക്കൽ
- അടിസ്ഥാന ശേഷികൾ ഉറപ്പിക്കൽ
- എല്ലാ കുട്ടികളെയും പരിഗണിച്ചു കൊണ്ട് പാഠാസൂത്രണങ്ങളും പഠനോപകരണങ്ങളും തയ്യാറാക്കാൽ.
- ഗണിത ക്ലബ്ബ് രൂപീകരണം
- അധിക സമയം കണ്ടെത്തുക
- ഗണിതപഠനം നിത്യ ജീവിതാനുഭവവുമായി ബന്ധപ്പെടുത്തുക.
- ഗണിതലാബ് സജ്ജീകരിക്കുക.
- ക്ലാസ് പി.ടി.എ ഫലപ്രദമാക്കുക.

## പ്രവർത്തന പദ്ധതിയുടെ വിശകലനം

## മേഖല - അക്കാദമികം

## ഉപപ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതത്തിന്റെ ആവശ്യകത | സെമിനാർ സംഘടിപ്പിക്കുക | ജനുവരി - മാർച്ച് | ഹെഡ് മാസ്റ്റർ, S.R.G, കൺവീനർ | ക്ലാസ് സംഘടിപ്പിക്കുക. |
| ഗണിത പഠനത്തിൽ കുട്ടികൾക്ക് അഭിരുചി വളർത്തുക | ഗണിതചരിത്രവും പ്രാധാന്യവും ഗണിത ശാസ്ത്രജ്ഞന്മാരുടെ സജീവ ചരിത്രം കുട്ടികളുമായി പങ്കുവയ്ക്കുക. | ജനുവരി, ഫെബ്രുവരി, മാർച്ച് | സീന ടീച്ചർ | |
| ഉത്തരപ്പെട്ടി മനക്കണക്ക് | ക്ലാസിൽ പൊതുവായി ചോദ്യം ഉന്നയിക്കുന്നു. മനസിൽ മാത്രം | ജൂൺ ആഗസ്റ്റ് | ക്ലാസ് ടീച്ചേഴ്സ് സീന | ബുള്ളറ്റിൻ ബോർഡ്, ചുവർ പത്രിക |

| | | | | |
|---|---|---|---|---|
| | ചെയ്തു നിശ്ചിത സമയത്തിനുള്ള ഉത്തരം കണ്ടെത്തുന്നു. അതാത് ക്ലാസിലെ പാഠ്യ പദ്ധതിയുമായി ബന്ധപ്പെട്ടതും ചിന്താശേഷിയുണർത്തുന്നതുമായ പ്രവർത്തനങ്ങൾ | | | ചാർട്ട് |
| ഗണിതലാബ് | വിദ്യാലയത്തിൽ ഗണിതവുമായി ബന്ധപ്പെട്ട രസകരമായ പ്രൊജക്ടുകൾ സ്വയം ചെയ്യാനുള്ള പ്രവർത്തനങ്ങൾ രസകരമായും ലളിതമായും നൽകുക. ഗണിത റഫറൻസ് ബുക്കുകൾ, ചുവർ ഗണിത ചിത്രങ്ങൾ, അബാക്കസ്, ജ്യാമിതീയ രൂപങ്ങൾ എന്നിവ അതാത് ക്ലാസുകൾക്ക് അനുയോജ്യമായത് കണ്ടെത്തുന്നു. | | | |
| ഗണിത പരമായി ബന്ധപ്പെട്ട | അടിസ്ഥാന ആശയങ്ങൾ പട്ടികപ്പെടുത്തുന്നു.<br>ചോദ്യാവലി | ജൂൺ | ഹെഡ് മാസ്റ്റർ<br>S. R. G കൺവീ | വർക്ക് ഷീറ്റ്<br>ഐ.സി.ടി |

പ്രവർത്തന പദ്ധതി

ഭൗതികം, അക്കാദമികം, സാമൂഹികം എന്നിങ്ങനെ മൂന്നു മേഖലകളിലായി പ്രവർത്ത പദ്ധതികൾ തയ്യാറാക്കാം.

മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനുമുള്ള ശേഷി വികസിപ്പിക്കൽ | പഠനനില കണ്ടെത്തൽ മികവുകളും പരിമിതികളും കണ്ടെത്തുന്നു | ജൂൺ രണ്ടാം വാരം | Class Teacher, English Teacher Seena Joseph | P. T. A |
| | പരിമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ | ജൂൺ അവസാന വാരം | H.M, English Teacher, SRG | ഒരു കുട്ടിക്ക് 25/- രൂപ |
| | ഇംഗ്ലീഷ് അസംബ്ലി ആഴ്ചയിൽ ഒരു ദിവസം | ആഴ്ചയിൽ ഒരു ദിവസം | Class Teacher | |
| | ഇംഗ്ലീഷ് ക്ലാസ്, ലൈബ്രറി, Reading materials | ജൂലൈ മുതൽ | Class Teachers | |

| | | | | |
|---|---|---|---|---|
| | പതിപ്പുകൾ | നവംബർ - മാർച്ച് | English Teacher. | 2000/-PTA |
| | മാഗസിൻ | ഒക്ടോബർ- മാർച്ച് | English Teacher. | 500/- |

## സർവ്വേ ഫോറം

■ വിഷയത്തെയും പഠനബോധന തന്ത്രങ്ങളെയും കുറച്ച് ധാരണ കാലാനുസൃതമാക്കുന്നു

■ കുട്ടികളുടെ പഠന രീതി, പഠനവേഗത എന്നിവയിലെ വ്യത്യാസം പരിഗണിച്ച് പഠന ബോധന തന്ത്രങ്ങളിൽ വരുത്തേണ്ട മാറ്റങ്ങളെ കുറിച്ച് ട്രൈ ഔട്ടുകൾ തയ്യാറാക്കൽ.

## പ്രവർത്തനങ്ങൾ

■ അധ്യാപകർ ക്ലാസിലെ വിഷയങ്ങളുമായി ബന്ധപ്പെട്ട ലൈബ്രറി പുസ്തകങ്ങൾ വായിക്കുകയും ടാബ് ഉപയോഗിച്ച് ക്ലാസ് പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു.

■ പഠനത്തിൽ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് അവർ ഇഷ്ടപ്പെടുന്ന കളികൾ ഉൾപ്പെടുത്തിയുള്ള പഠന പ്രവർത്തനങ്ങൾ നൽകി ശേഷി ഉറപ്പാക്കുന്നു.

## പൊതു പദ്ധതികൾ

## കുട്ടിയെ അറിയൽ

ലക്ഷ്യങ്ങൾ,

■ എല്ലാ കുട്ടികളുടെയും കുടുംബപരവും സാമൂഹികവും സാമ്പത്തികവുമായ സാഹചര്യങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുക

■ എല്ലാ കുട്ടികളുടെയും പഠനരീതി, പഠനവേഗത,വൈഭവങ്ങൾ, പരിമിതികൾ ഇവ കണ്ടെത്തൽ

■ ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ കുട്ടികളുടെ വ്യക്തിപരമായ പഠനരീതി കഴിവുകൾ എന്നിവ തിരിച്ചറിഞ്ഞ് ശാക്തീകരിക്കുക.

■ എല്ലാ കുട്ടികളുടെയും ശാരീരികവും മാനസികവുമായ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തുന്നതിന്

## സ്കൂൾ തല പദ്ധതികൾ ഭാഷാ - മലയാളം

| Sl No | Progress | Activity | Duration | ഭൗതികം | ഭൗതികം |
|---|---|---|---|---|---|
| | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ<br><br>മലയാള തിളക്കം | ❖ പ്രീ ടെസ്റ്റ്<br>❖ (30.11.17)<br>❖ അക്ഷരം ഉറപ്പിക്കൽ<br>❖ അടയാളം<br>❖ അക്ഷര കാർഡ് നൽകൽ<br>❖ വാക്കുകൾ, വാചകങ്ങൾ എഴുതിയ കാർഡുകൾ<br>❖ വാക്യങ്ങൾ നിർമ്മിക്കൽ<br>❖ ചിത്രം അടിക്കുറിപ്പ്<br>❖ ചിത്ര - കഥ<br>❖ കഥ -പൂരണം<br>❖ ചിത്രം നോക്കി കഥ എഴുതൽ<br>❖ കഥ വായിച്ച് ചുരുക്കി എഴുതൽ<br>❖ ഭാഷാപരമായി പിന്നോക്കം നിലാവാരക്കാർക്ക് പ്രത്യേക ക്ലാസ് | ഡിസംബർ മുതൽ മാർച്ച് വരെ | പുസ്തകം<br>സി.ഡി. | BRC<br>PTA |

## വിഷയതല പദ്ധതികൾ

### ഭാഷ - മലയാളം

| Program | Activity | Duration | ഭൗതികം | ഭൗതികം |
|---|---|---|---|---|
| കുട്ടികളെ മികച്ച വായനക്കാരാക്കുന്നു. വായനക്കൂട്ടം [illegible] | ■ ക്ലാസ്സ് ലൈബ്രറി രൂപീകരിക്കൽ<br>■ വായനാമൂല പരിപുഷ്ടീകരിക്കൽ<br>■ സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>■ സമീപഗ്രന്ഥശാല സന്ദർശനം<br>■ പത്രവായന<br>■ അമ്മാവായന<br>■ വായനാനുഭവം പങ്കുവയ്ക്കൽ<br>■ വായനാക്കുറിപ്പ്<br>■ വിദ്യാരംഗം കലാ സാഹിത്യ വേദി<br>■ ബാലസഭ<br>■ ദിനാചരണം | 6 മാസം | ക്ലാസ്സ് | BRC |

| | | | | | |
|---|---|---|---|---|---|
| പിന്നോക്കവസ്ഥ പരിഹരിക്കൽ | ഉണ്ടാക്കുന്നു.<br>പ്രീ ടെസ്റ്റ്.<br>മൂല്യനിർണ്ണയം.<br>റിസർച്ച് രേഖപ്പെടുത്തുന്നു.<br>റിപ്പോർട്ട് രേഖപ്പെടുത്തുന്നു.<br>S.R. G യിൽ അവതരണം.<br>സംഖ്യാബോധം ഉറപ്പിക്കുന്നു.<br>പ്രവർത്തനങ്ങൾ കുട്ടികൾ മുൻ ക്ലാസുകളിൽ നേടേണ്ട ശേഷികൾ കണക്കിലെടുത്തു കൊണ്ട് പരിഹരിക്കാൻ ഉതകുന്ന തരത്തിലുള്ള പ്രവർത്തങ്ങൾ വ്യക്തിഗതമായും ഗ്രൂപ്പായും നൽകുന്നു.<br>വർക്ക്ഷീറ്റുകൾ നൽകുന്നു.<br>രക്ഷിതാക്കൾക്ക് വർക്ക് ക്ലാസുകൾ നൽകുന്നു. | | നർ<br>ക്ലാസ് ടീച്ചർ മാർ | | |

| | | | | |
|---|---|---|---|---|
| ഗണിത ക്ലബ് രൂപീകരണം | ഓരോ ക്ലാസിലെയും 1/4 ഭാഗം കുട്ടികൾ ഗണിത ക്ലബ്ബിൽ അംഗങ്ങളായിരിക്കും . ക്ലബ്ബിലെ പ്രവർത്തനങ്ങൾ മുഴുവൻ ഉൾപ്പെടുത്തിക്കൊണ്ട് ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും നടപ്പാക്കുന്നു. | ജൂൺ മുതൽ ഒക്ടോബർ | ഗണിത ക്ലബ്ബ് അംഗങ്ങൾ പി.ടി.എ | അസംബ്ലി ചുവർ പത്രിക, ഗണിത കിറ്റ് |
| | പഠനോപകരണങ്ങൾ ആവശ്യമായവ കണ്ടെത്തുന്നു. | | | |

പ്രവർത്തനപദ്ധതി

മേഖല - അക്കാദമികം

ഉപമേഖല - ഭാഷാ-പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും മലയാള ഭാഷ ഫലപ്രദമായി | പഠന നിലവാരം കണ്ടെത്തൽ, മികവ്, പരിമിതി കണ്ടെത്തൽ | ജൂൺ - ജൂലൈ | ക്ലാസ്സ് ടീച്ചർ |

| | | | |
|---|---|---|---|
| വായിക്കാനും എഴുതാനുമു ള്ള ശേഷി വികസിപ്പിക്ക ൽ | | | |
| | പരിമിതികൾ പരിഹരിക്കുന്ന തിന് ആവശ്യമായ ഭാഷ തയ്യാറാക്കൽ | ആഗസ്റ്റ് - ഒക്ടോബ ർ | ക്ലാസ്സ് ടീച്ചർ |
| | അസംബ്ലിയിൽ കവികൾ, സാഹിത്യകാര ന്മാർ എന്നിവരെ പരിചയപെടു ത്തൽ ആഴ്ചയിൽ രണ്ട് ദിവസം | നവംബർ - ഡിസംബർ | ക്ലാസ്സ് ടീച്ചർ |
| | സാഹിത്യാഭിരുചി വളർത്താൻ ഉതകുന്ന രീതിയിൽ പ്രവർത്തനങ്ങ ൾ തയ്യാറാക്കൽ | ജനുവരി - ഫെബ്രുവ രി | ക്ലാസ്സ് ടീച്ചർ |

ഉപമേഖല : ശാസ്ത്രപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1 മുതൽ 4 വരെ കാലിസ്സുകളിലെ പരിസരപഠന പ്രവർത്തനങ്ങൾ : പഠനനേട്ടം ഉറപ്പിക്കുന്ന വിധം ക്ലാസ്സുകളിൽ ശാസ്ത്രമൂല ഉറപ്പാക്കൽ | 1 മുതൽ 4വരെ പഠനത്തിന് സഹായകമായ സാമഗ്രികളുടെ ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ | ക്ലാസ്സ് ടീച്ചർ |
| | ■ തയ്യാറാക്കിയ ലിസ്റ്റിനെ ശേഖരിക്കേണ്ടവ, വാങ്ങേണ്ടവ, ലാബിൽ സൂക്ഷിക്കേണ്ട എന്ന് തരം തിരിക്കൽ | ജൂൺ | ക്ലാസ്സ് ടീച്ചർ |
| | ■ ശാസ്ത്ര മൂലയിൽ ഉൾപ്പെടുത്തേണ്ട പുസ്തകങ്ങ | ജൂൺ | |

| | | | |
|---|---|---|---|
| | ൾ, ക്ലാസ്സിൽ നടത്തേണ്ട പരീക്ഷണങ്ങൾ എന്നിവ ലിസ്റ്റ് ചെയ്യൽ<br>■ സാമഗ്രികൾ വാങ്ങൽ<br>■ ശാസ്ത്ര | ജൂൺ | |
| | സാഹിത്യ പുസ്തകങ്ങൾ ക്ലാസ്സ് നിലവാരത്തിനുള്ളത് വാങ്ങൽ. രക്ഷിതാക്കളെ വായിപ്പിക്കൽ | ആഗസ്റ്റ് മുതൽ ഡിസംബർ വരെ | |

ഉപമേഖല : ഗണിത പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1 മുതൽ 4 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് അവരുടെ നിലവാരത്തിനനുസരിച്ചു ചതുഷ്ക്രിയകളും മെട്രിക് അളവുകളും ഉറപ്പാക്കൽ | കുട്ടികളുടെ പഠന നിലവാരം കണ്ടെത്തൽ<br>■ പരിമിതികളും മികവുകളും കണ്ടെത്തൽ<br>■ വാങ്ങേണ്ടവ ശേഖരിക്കേണ്ട, നിർമ്മിക്കേണ്ടവ എന്നിവ തരം തിരിക്കൽ ഗണിതമൂലയിൽ ഉൾപ്പെടുത്തേണ്ട പുസ്തകങ്ങൾ എന്നിവ | ജൂൺ ആദ്യ വാരം<br>ജൂലൈ മുതൽ ഒക്ടോബർ വരെ | ക്ലാസ്സ് ടീച്ചർ |

## ഉപമേഖല - IEDC കുട്ടികളുടെ കാര്യക്ഷമത വർധിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| IEDC കുട്ടികളുടെ അഭിരുചിക്കനുസരിച്ചുള്ള ശേഷി വികസിപ്പിക്കൽ | അഭിരുചിക്കനുസരിച്ചുള്ള പ്രവർത്തനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ<br>■ മെറ്റീരിയലുകൾ കണ്ടെത്തൽ<br>■ പരിശീലനം നൽകൽ | | ബി. ആർ. സി. IEDC RESOURCE GROUP |

മേഖല : അക്കാദമികം

ഉപമേഖല : ഐ. ടി വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1 മുതൽ 4 വരെയുള്ള കുട്ടികൾക്ക് പഠനനേട്ടങ്ങൾക്കനുസൃതമായി ഐ. ടി പരിശീലനം നൽകൽ | ▪ കുട്ടികളുടെ പരിജ്ഞാനം അറിയൽ, പരിമിതികളും മേന്മകളും കണ്ടെത്തൽ<br>▪ കമ്പ്യൂട്ടർ പരിശീലനം കണ്ടെത്തൽ | ജൂൺ | ക്ലാസ്സ് ടീച്ചേർസ് |

ഉപമേഖല : കലാപരവും കായികപരവും നിർമ്മാണപരവുമായ കഴിവുകൾ വികസിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1മുതൽ 4 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ കല, കായികം, നിർമ്മാണം എന്നിവയിലെ കഴിവുകൾ വികസിപ്പിക്കൽ | ■ കുട്ടികളിലെ കഴിവുകൾ കണ്ടെത്തൽ, പരിപോഷിപ്പിക്കൽ<br>■ ആവശ്യമായ സാമഗ്രികൾ കണ്ടെത്തൽ<br>■ പരിശീലനം നൽകൽ | ജൂലൈ മുതൽ സെപ്റ്റംബർ വരെ | പി. ടി. എ. ക്ലാസ്സ് ടീച്ചർ |

മേഖല : സാമൂഹികം

ഉപമേഖല : ഗൃഹസന്ദർശനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂളിൽ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കൽ | സമൂഹവുമായി നല്ല ബന്ധം പുലർത്തൽ, അടുത്തുള്ള അംഗൻവാടി, നേഴ്സറി എന്നിവ സന്ദർശിച്ച് രക്ഷിതാക്കളുമായി പരിചയപ്പെടൽ | ആഗസ്റ്റ് to. ജനുവരി | PTA SMC SRG SSG | |
| | ആഘോഷ ദിവസങ്ങളിൽ സ്കൂളിലേക്ക് ക്ഷണിക്കൽ, മത്സരങ്ങളിൽ പങ്കെടുപ്പിക്കൽ | | | |
| | നമ്മുടെ സ്ക്കൂളിലെ കുട്ടികളുടെ ഗൃഹസന്ദർശനം | | | |
| പഠനയാത്ര | പഠനനേട്ടവുമായി ബന്ധപ്പെടുത്തി സന്ദർശിക്കേണ്ട സ്ഥലങ്ങൾ തീരുമാനിക്കൽ, പെർമിഷൻ വാങ്ങൽ, തിയതി നിശ്ചയിക്കൽ | | | |

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചുറ്റുമതിൽ, ഗേറ്റ് | കുട്ടികളുടെ സുരക്ഷ | 2017-2019 | മുനിസിപ്പാലിറ്റി | മുനിസിപ്പാലിറ്റി 1,00,000 |
| ചിൽഡ്രൻസ് പാർക്ക് | കുട്ടികളുടെ മാനസികോല്ലാസം | - | മുനിസിപ്പാലിറ്റി | 50,000 |
| കമ്പ്യൂട്ടർ റൂം | കമ്പ്യൂട്ടർ പരിശീലനം | 2017-2018 | വിദ്യാലയ വികസന സമിതി | 50,000 |
| ഡൈനിങ്ങ് ഹാൾ അസംബ്ലി ഹാൾ | വൃത്തിയും വെളിച്ചവുമുള്ള സ്ഥലത്തിരുന്ന് ഭക്ഷണം കഴിക്കാനുള്ള സൗകര്യം | 2017-2019 | | മുനിസിപ്പാലിറ്റി |
| IEDC കുട്ടികൾക്ക് പരസഹായമില്ലാതെ Toilet ൽ പോകാനുള്ള സൗകര്യം | IEDC Friendly Toilet | 2017-2019 | മുനിസിപ്പാലിറ്റി, എം.പി. ഫണ്ട് | 50,000 |
| സ്കൂളും പരിസരവും വൃത്തിയായി സൂക്ഷിക്കൽ, സ്കൂളിലെ മാലിന്യങ്ങൾ തരം തിരിച്ച് സംസ്കരിക്കൽ | മാലിന്യ സംസ്കരണം | 2017-2018 | മുനിസിപ്പാലിറ്റി | 15,000 |

മേഖല - അക്കാദമികം

ഉപമേഖല - ദിനാചരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വിവിധശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | എസ്. ആർ.ജി |

മേഖല - ഗണിത ലാബ് സജ്ജീകരിക്കൽ

ഉപമേഖല - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | ഗണിതം സജ്ജമാക്കൽ | ആവശ്യാനുസരണം | എസ്. ആർ.ജി |

ഉപമേഖല - പച്ചക്കറിത്തോട്ടം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി, എസ്.എസ്.ജി | 5000 കൃഷി വകുപ്പ് |

മേഖല – ജൈവ വൈവിധ്യപാർക്ക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരം ഒരുക്കുക. | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവ വൈവിധ്യപാർക്ക് നിർമ്മിക്കൽ | ഒരു പ്രവശ്യം | - |

ഉപമേഖല – C.P.T.A. സജ്ജീവമാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ കാര്യക്ഷമമാക്കൽ | സി.പി.ടി.എ. കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ പഠനപുരോഗതി പരിശോധിക്കൽ മികവുകളുടെ അവതരണം. | പ്രതിമാസ പരിപാടി | ക്ലാസ്സ് ടീച്ചർ |

ഉപമേഖല – സജ്ജീവമാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ആരോഗ്യമുള്ള ശരീരം - പഠനത്തിന് അനിവാര്യം. | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനു വച്ച് പോഷകസമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ, എച്ച്.എം., പി.ടി.എ |

ഉപമേഖല – ജന്മദിനത്തിനൊരു പുസ്തകം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ക്ലാസ്സ് ലൈബ്രറിയുടെ നവീകരണം | ക്ലാസ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ് ലൈബ്രറിയിലേക്ക് സംഭാവന ചെയ്യുന്നു. കുടുംബാംഗങ്ങളെ മുഴുവൻ ഈ പ്രവർത്തനത്തിൽ പങ്കാളികളാക്കാം. | എല്ലാ ജന്മദിനങ്ങളിലും | എല്ലാവർക്കും |

## ഉപമേഖല - വർക്ക് ഷീറ്റ് നിർമ്മിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ബാല്യകാല സാഹിത്യ മാസികകളെ ഫലപ്രദമായി ഉപയോഗിക്കൽ | വായിച്ചു കഴിഞ്ഞ ബാല സാഹിത്യ മാസികകളിലെ ചിത്രങ്ങൾ ഒരു പേപ്പറിന്റെ മുകൾ ഭാഗത്തായി ഒട്ടിക്കണം. ഇതിന് അനുയോജ്യമായ അടിക്കുറിപ്പ്, കഥ, കവിത,വിവരണം, നിറം നൽകൽ എന്നിവ എഴുതി ചേർത്ത് വർക്ക് ഷീറ്റ് തയ്യാറാക്കൽ | മാസത്തിൽ ഒരു പ്രാവശ്യം | എസ്. ആർ. ജി |

## ഭൗതികം

ചിൽഡ്രൻസ് പാർക്ക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യം കായിക വിനോദോപാധി ഒരുക്കൽ | പ്രധാന മന്ദിരത്തിന്റെ സൈഡിലുള്ള വശത്തു പാർക്ക് ഒരുക്കൽ | 2 വർഷം | നഗരസഭ | 1 ലക്ഷം |

## കളിസ്ഥലം നിർമ്മാണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| കായിക വിദ്യാഭ്യാസത്തിന് മികച്ച സൗകര്യം നൽകൽ | | | | |

## മാലിന്യസംസ്കരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവ മാലിന്യങ്ങളും അജൈവ മാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള ക്രമീകരണം സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കൽ | | എസ്. ആർ. ജി | 5000 |

...മൂഹികം

## ഉപമേഖല - അംഗനവാടി കലോത്സവം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സമൂഹ പങ്കാളിത്വം ഉറപ്പാക്കൽ. നവാഗതരാകേണ്ടവർക്ക് വിദ്യാലയത്തെ അറിയാൻ അവസരം | വിദ്യാലയത്തിന്റെ പരിസരത്തുള്ള അംഗനവാടിയിലെ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് കലോത്സവം സംഘടിപ്പിക്കൽ, വിരുന്നു നൽകൽ | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ | 2500 |

## ഉപമേഖല - കോർണർ പി.ടി.എ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സമൂഹ പങ്കാളിത്വം ഉറപ്പാക്കൽ. | വിദ്യാലയത്തിന്റെ പരിസരം വിവിധമേഖലകളായി തിരിച്ച് രക്ഷിതാക്കൾക്ക് സൗകര്യപ്രദമായ സമയത്ത് പി.ടി.എ യോഗങ്ങൾ ചേരണം. | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.എസ്.ജി | 1000 |

## ഉപമേഖല - പൂർവ്വ വിദ്യാർത്ഥി സംഗമം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സമൂഹ പങ്കാളിത്വം ഉറപ്പാക്കൽ. | പൂർവ്വ വിദ്യാർത്ഥി സംഗമം വിളിച്ചു ചേർക്കൽ, അവരുടെ മുമ്പിൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.എസ്.ജി ഒ.എസ്.എ | 1000 |

മേഖല - മികവുറ്റ സ്കൂളിലേക്ക് പഠനയാത്ര

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കൂടുതൽ ആശയങ്ങൾ രൂപീകരിക്കൽ | മികവാർന്ന വിധത്തിൽ പാഠ്യപാഠാനുബന്ധപ്രവർത്തനങ്ങൾ നടക്കുന്ന വിദ്യാലയങ്ങളിലേക്ക് യാത്ര നടത്തി അനുഭവങ്ങൾ അടുത്തറിയൽ | വർഷത്തിൽ ഒരിക്കൽ | പി.ടി.എ, എസ്. ആർ.ജി | 1000 |

## പ്രതീക്ഷിത നേട്ടങ്ങൾ

ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു. 'സ്കൂൾ സമൂഹത്തിൽ ' എന്ന് ആശയം സാക്ഷാൽക്കരിക്കപ്പെടുന്നു. വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു. മതനിർപേക്ഷ സമൂഹത്തെ നിലനിറുത്തുവാൻ കഴിയുന്നു. വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമായ പ്രവർത്തനങ്ങൾ തടയിടുന്നു.

## മോണിറ്ററിംഗ്

കാലാകാലങ്ങളിൽ കൃത്യമായ മോണിറ്ററിംഗ് പദ്ധതിയുടെ വിജയത്തിനും പോരായ്മകൾ കണ്ടെത്തി അടുത്ത ഘട്ടത്തിലേക്ക് കടക്കാനും സഹായകമാണ്. ഇതിനായി ഒരു കമ്മിറ്റി രൂപീകരിച്ച് സ്കൂൾ തലത്തിലും ബി ആർ സി തലത്തിലും എ ഇ ഒ തലത്തിലും മോണിറ്ററിംഗ് നടത്താവുന്നതാണ്.

## കമ്മറ്റിയുടെ ഘടന

ചെയർമാൻ, വൈസ് ചെയർമാൻ, കൺവീനർ, ജോയിന്റ് കൺവീനർ, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ, ഹെഡ്മാസ്റ്റർ/ പ്രിൻസിപ്പൽമാർ, തെരെഞ്ഞെടുക്കപ്പെടുന്ന 2 പി.ടി.എ. പ്രസിഡന്റുമാർ, തെരെഞ്ഞെടുക്കപ്പെടുന്ന 2 മദർ പി.ടി.എ. പ്രസിഡന്റുമാർ, 2 വിദ്യാഭ്യാസ വിദഗ്ധർ, വിദ്യാഭ്യാസ സംരക്ഷണ സമിതി.

നഗരസഭാ വികസനസമിതി 2 മാസത്തിലൊരിക്കലും എക്സിക്യൂട്ടീവ് കമ്മിറ്റി ആവശ്യാനുസരണവും യോഗം ചേരേണ്ടതാണ്.

[illegible]

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ അടിസ്ഥാന നിർവ്വഹണ ഘടകം വിദ്യാലയങ്ങളാണ്. ഓരോ വിദ്യാലയവും മികവിന്റെ കേന്ദ്രങ്ങളാക്കി മാറുകയും അയൽപക്ക സമൂഹത്തിലെ വിദ്യാർത്ഥികളെല്ലാം അവിടെ എത്തിച്ചേരുകയും ചെയ്യുക എന്നതാണ് നമ്മുടെ ആത്യന്തിക ലക്ഷ്യം. ഇതു സാധിക്കണമെങ്കിൽ വിദ്യാലയത്തെ ഭൗതീകമായും അക്കാദമികമായും ഉന്നതിയിൽ എത്തിക്കേണ്ടതുണ്ട്. ഇതിന് വിദ്യാലയുമായി നേരിട്ടു ബന്ധപ്പെട്ടവരോടൊപ്പം അയൽപക്ക സമൂഹത്തിലെ മുഴുവൻ പേരേയും ഈ ക്യാംപയിനിന്റെ ഭാഗമാക്കി മാറ്റേണ്ടതുണ്ട്. ഇക്കാര്യത്തിൽ നിലവിലുള്ളതും ഇനി രൂപീകരിക്കാൻ പോകുന്നതുമായ വിവിധ സമിതികൾക്ക് നിർണ്ണായകമായ റോൾ വഹിക്കാനാവും. നിലവിലുള്ള പി.ടി.എ., എം.പി.ടി.എ. തുടങ്ങിയ സമിതികൾക്കൊപ്പം പൂർവ്വ വിദ്യാർത്ഥി സംഘടനയ്ക്കും വിദ്യാലയത്തെ മെച്ചപ്പെടുത്തുന്നതിൽ കാര്യമായ സംഭാവനകൾ നൽകാനാവും. ഈ സമിതികളിൽ പെട്ടവർക്കു പുറമേ സ്കൂൾ പരിധിയിലുള്ള ജനപ്രതിനിധികൾ, ക്ലബ്ബുകൾ, വായനശാലകൾ, സഹകരണസ്ഥാപനങ്ങൾ, രാഷ്ട്രീയ-സാമൂഹ്യ പ്രസ്ഥാനങ്ങൾ, സാംസ്കാരിക നായകർ, വ്യക്തികൾ എന്നിവരെല്ലാം ഉൾപ്പെടുന്ന വിപുലമായ ഒരു വിദ്യാലയ വികസന സമിതി രൂപീകരിച്ചു പ്രവർത്തിക്കുന്നത് ഈ യജ്ഞം നാം മുന്നോട്ടു കൊണ്ടുപോവുന്നതിന് സഹായകമാണ്. ഓരോ പ്രദേശത്തിന്റെ പ്രത്യേകതകളും സാധ്യതകളും പരിഗണിച്ച് പരമാവധി പ്രസ്ഥാനങ്ങളേയും സ്ഥാപനങ്ങളേയും വ്യക്തികളേയും ഈ സമിതിയിൽ ഉൾക്കൊള്ളിക്കാൻ ശ്രമിച്ചിട്ടുണ്ട്. നാട്ടിലെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തിൽ ചേർന്നു പ്രവർത്തിക്കാൻ സന്നദ്ധതയുള്ള എല്ലാവരും ഇതിൽ കണ്ണിചേർത്താൽ വിജയത്തിൽ എത്താൻ സാധിക്കുന്നതാണ്.